(സി) തയ്യൽ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ട് പഠിച്ചുവരുന്നു. പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്

മരം കയറ്റ തൊഴിലാളി ക്ഷേമനിധിയിൽനിന്നു സഹായധനം

267 [581] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം കയറ്റ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് സഹായധനം ലഭിക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഈ വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്രപേർക്കു സഹായധനം നൽകി;

(ഡി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിലേക്കായി 1985-86 സാമ്പത്തിക വർഷത്തിൽ 1985 ജൂലൈ 31 വരെ 63 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	9
കൊല്ലം	15
കോട്ടയം	1
ആലപ്പുഴ	2
പത്തനംതിട്ട	5
ഇടുക്കി/തൊടുപുഴ	1
എറണാകുളം	4
പാലക്കാട്	ഇല്ല
തൃശ്ശൂർ	8
കോഴിക്കോട്	14
മലപ്പുറം	4
വയനാട്	ഇല്ല
കണ്ണൂർ	,,
കാസർകോട്	,,
ആകെ	63

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഈ വർഷം ആർക്കും തന്നെ ധനസഹായം നൽകിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ബാർബർ തൊഴിലാളികൾ

268 [582] ശ്രീ. കെ. പി. പ്രഭാകരൻ;
,, കെ. ടി. കുണാരൻ;
,, കെ. ആർ. ചന്ദ്രമോഹനൻ;
,, എം. കെ. കേശവൻ;
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നമ്മുടെ സംസ്ഥാനത്തൊട്ടാകെ ആകെയുള്ള ബാർബർ തൊഴിലാളികൾ എത്ര;

(ബി) ബാർബർ തൊഴിലാളികളുടെ സംഘടന എന്തെങ്കിലും നിവേദനം അടുത്തകാലത്ത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ബാർബർ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 19,452 തൊഴിലാ[illegible]ണ്ട്.

(ബി & സി) 1982, 1983, 1984 എന്നീ കാലഘട്ടങ്ങളിൽ പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി സമർപ്പിച്ചിട്ടുള്ള നിവേദനം 5-1-1985-ലേതാണ്. അതിലെ ആവശ്യം ബാർബർ തൊഴിലാളികളെ സംരക്ഷിച്ചു സഹായിക്കുവാനുള്ള ബീഡ്യുത ഗവൺമെൻറ് ഏറെറടുത്ത് നടപ്പാക്കി സഹായിക്കണമെന്നാണ്.

(ഡി) പ്രത്യേകിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

കോഫി ക്യൂറിംഗ് ഫാക്ടറികളിലെ തൊഴിലാളികൾക്കു മിനിമം വേജസ്

269 [584] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര കോഫി ക്യൂറിംഗ് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly